ഉത്തരം

(എ) നാല്.

(ബി) ഇല്ല.

(സി) ഇതുമൂലം കാര്യമായ ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടില്ല.

(ഡി) വിദേശജോലിക്കായി അവധി അനുവദിക്കപ്പെട്ട പല ലക്ചറർമാരുടെയും അവധികാലയളവ് തീർന്നതിനാൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടുപേർ ജോലിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവർക്ക് ഉടനടി നിയമന ഉത്തരവ് നൽകുന്നതാണ്. മറ്റുള്ളവർ ജോലിയിൽ തിരികെ പ്രവേശിക്കുന്നില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി. എസ്. സി.യെ അറിയിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ ലെപ്രസി ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

131 [2567] *ശ്രീ. ഇസ്ഹാക് കുരിക്കൾ:*

,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ലെപ്രസി ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ ഒഴിവുകളുണ്ടോ;

(ബി) എങ്കിൽ എത്ര; എവിടെയെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) മലപ്പുറം ജില്ലയിൽ ലെപ്രസി ഇൻസ്പെക്ടർമാരുടെ അറുപത് ഒഴിവുകൾ നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

ഡി. എം. ഒ. ജില്ലാ ലെപ്രസി യൂണിറ്റ്	..	1
ഗവ. ലെപ്രസി കൺട്രോൾ യൂണിറ്റ്, നിലമ്പൂർ	..	18
ഗവ. ലെപ്രസി കൺട്രോൾ യൂണിറ്റ്, പൊന്നാനി	..	12
ഗവ. ലെപ്രസി കൺട്രോൾ യൂണിറ്റ്, വളവന്നൂർ	..	19
താലൂക്ക് ആശുപത്രി, തിരൂർ	..	2
താലൂക്ക് ആശുപത്രി, പെരിന്തൽമണ്ണ	..	1
പ്രൈമറി ഹെൽത്ത് സെന്റർ, താനൂർ	..	2

LIBRARY ARCHIVES Kerala Legislative Assembly

പ്രൈമറി ഹെൽത്ത് സെന്റർ, പരപ്പനങ്ങാടി	..	1
പ്രൈമറി ഹെൽത്ത് സെന്റർ, നെടുവ	..	1
പ്രൈമറി ഹെൽത്ത് സെന്റർ, മുണ്ടൂർ	..	1
പ്രൈമറി ഹെൽത്ത് സെന്റർ, മേലാറ്റൂർ	..	1
പ്രൈമറി ഹെൽത്ത് സെന്റർ, മൂർക്കനാട്	..	1

(സി) ആരോഗ്യവകുപ്പിലെ ലെപ്രസി വിഭാഗം ജീവനക്കാരെ വാനിഷിംഗ് കാറ്റഗറിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 26-11-2004-ലെ ജി. ഒ. (എംഎസ്.) നമ്പർ 305/05/ആകുവ. നമ്പർ ഉത്തരവുപ്രകാരം നിലവിലുള്ള ജീവനക്കാരെ ജനറൽ ഹെൽത്ത് വിഭാഗത്തിലേക്ക് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. അതിനാൽ പുതിയ നിയമനങ്ങൾ നടത്തി ഒഴിവുകൾ നികത്താൻ സാധിക്കുകയില്ല.

ശ്രീമതി ലക്ഷ്മി അശോകന് ആശ്രിതനിയമനം നൽകാൻ നടപടി

132 [2568] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ 19-6-2002-നുശേഷം ആശ്രിത നിയമനപ്രകാരം അപേക്ഷ നൽകിയ എത്രപേർക്ക് എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി നൽകിയിട്ടുണ്ട്;

(ബി) ഇനി എത്ര അപേക്ഷകർക്കാണ് ആശ്രിത നിയമനപ്രകാരം എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ജി.ഒ. (എംഎസ്.) നമ്പർ 18/2003/ എച്ച് & എഫ്. ഡബ്ല്യു.ഡി. തീയതി 24-1-2003 പ്രകാരം ആരോഗ്യവകുപ്പിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി നൽകുന്നതിന് ഉത്തരവായിട്ടും ശ്രീമതി ലക്ഷ്മി അശോകന് ജോലി ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ശ്രീമതി ലക്ഷ്മി അശോകന് എന്നത്തേക്ക് ജോലി നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 19-6-2002-നുശേഷം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ആർക്കുംതന്നെ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി നൽകിയിട്ടില്ല. 25-5-2001 വരെ അപേക്ഷ സമർപ്പിച്ചവർക്കു മാത്രമേ നിയമനം നൽകുവാൻ കഴിഞ്ഞിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly